"ഭരണഭാഷ മാതൃഭാഷ"

സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്


**എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് വിഭാഗം**

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്, എം.ജി.റോഡ്, പുത്തൻചന്ത, തിരുവനന്തപുരം - 695001

ഫോൺ:0471- 2337790 ഇമെയിൽ: tdbestate@gmail.com വെബ്സൈറ്റ്: www.travancoredevaswomboard.org


***Auction No.9/EED/P/2022***

## പുനർ ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള നോർത്ത് പറവൂർ ഗ്രൂപ്പിലെ പാട്ടുപുരക്കാവ് ദേവസ്വം വക ഗ്രൗണ്ട് 23/04/2022 ലെ ആർ.ഒ.സി.21/20/എം ഉത്തരവ് പ്രകാരം, ഉത്സവകാലങ്ങൾ ഒഴികെയുള്ള ദിവസങ്ങളിൽ, ക്ഷേത്രാചാര ചടങ്ങുകൾക്കും, ആചാര അനുഷ്ഠാനങ്ങൾക്കും ക്ഷേത്രദർശനത്തിനെത്തുന്ന ഭക്തജനങ്ങൾക്കും യാതൊരുവിധതടസ്സവും വരാതെ, അളന്നുതിട്ടപ്പെടുത്തിയ ദേവസ്വം ഭൂമി പേ ആന്റ് പാർക്കിംഗിന്, തറവാടകക്ക് ഒരു വർഷത്തേക്ക്, പാട്ടുപുരക്കാവ് ദേവസ്വത്തിൽ വച്ച് എസ്റ്റേറ്റ് ഡിവിഷൻ മുഖാന്തിരം **08/12/2022 ഉച്ചയ്ക്ക് 2 മണിക്ക്** പരസ്യമായി ലേലം ചെയ്തു വാടകക്ക് നല്കുന്നതാണ്. സെന്റിന് പ്രതിമാസം 1000/- രൂപയും, ജി.എസ്.റ്റിയും, 6 മാസത്തെ വാടക സെക്യൂരിറ്റിയായും നിശ്ചയിച്ച് ലേലം വിളി ആരംഭിക്കുന്നതും, ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലവ്യവസ്ഥയിൽ പറയുംപ്രകാരം 10,000/- രൂപ നിരതദ്രവ്യം ലേലത്തിന് മുൻപ് അന്നേ ദിവസംതന്നെ ഹാജരാക്കേണ്ടതാണ്. മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പ് ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന /ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേല നടപടികൾ അവസാനിപ്പിക്കുന്നതാണ്. **ഏറ്റവും കൂടുതൽ തുക വിളിച്ച/ക്വട്ടേഷൻ തന്നയാൾ ലേലതുകയുടെ 50% കഴിഞ്ഞയുടൻ തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്.** വാടകക്ക് പുറമെ 18% ജി.എസ്.റ്റിയും മറ്റ് സർക്കാർ നികുതികളും ലേലക്കാരൻ വഹിക്കേണ്ടതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ അസിസ്റ്റന്റ് കമ്മീഷണറാഫീസ് (ഫോൺ നമ്പർ:- 0484 - 2442472,9526922705), എസ്റ്റേററ് ഡിവിഷൻ ആഫീസ് എന്നിവിടങ്ങളിൽ എല്ലാ പ്രവർത്തനസമയങ്ങളിലും അറിയാവുന്നതാണ്.

### ലേല നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിനുമുൻപായി 10,000/- രൂപയ്ക്ക് നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതും, ലേലം കഴിഞ്ഞതിനുശേഷം നിരതദ്രവ്യം മടക്കിക്കൊടുക്കുന്നതുമാണ്. ലേലത്തിനു പങ്കെടുക്കുന്നവർ/ ക്വട്ടേഷൻ നൽകുന്നവർ നിർബന്ധമായും തിരിച്ചറിയൽരേഖ കൈവശംവച്ചിരിക്കുകയോ, ക്വട്ടേഷനോടൊപ്പം സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്.

2. ലേലം വിളി ആരംഭിക്കുന്നതിനുമുൻപ് ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്. ലേലം ആരംഭിച്ചതിനുശേഷം ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

3. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന/ ക്വട്ടേഷൻ നൽകുന്നയാളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ചുനൽകുന്നതാണ്.

4. ലേലംകൊള്ളുന്ന പാർക്കിംഗ് ഗ്രൗണ്ട് പേ ആന്റ് പാർക്കിംഗ് മാത്രമേ ഉപയോഗിക്കാവു. മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളതല്ല.

5. പാർക്കിംഗ് വാഹനങ്ങൾക്ക് ഫീസ് ഈടാക്കുന്നതും സമയം അനുവദിക്കുന്നതും ഗവൺമെന്റ് പാർക്കിംഗ് വ്യവസ്ഥതന്നെയായിരിക്കും ഇതിനും ബാധകം.

6. പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് താൽകാലിക ഷെഡ് നിർമ്മിക്കുകയാണെങ്കിൽ ദേവസ്വം ബോർഡിൽനിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതും, ഗ്രൗണ്ട് ക്ഷേത്ര ആചാരങ്ങൾക്ക് ആവശ്യമായി വരുമ്പോൾ ഷെഡ് തടസമാവാനും പാടില്ലാത്തതും, കാലാവധി കഴിയുന്നമുറയ്ക്ക് ഉടൻതന്നെ പൊളിച്ചുമാറ്റേണ്ടതുമാണ്.

7. ക്ഷേത്ര ആചാരനുഷ്ഠാനങ്ങൾക്ക് വിഘ്നം വരുത്തുന്ന യാതൊരുവിധ സാധനങ്ങൾകയറ്റിയുള്ള വാഹനവും പാർക്ക് ചെയ്യിപ്പിക്കാൻ പാടുള്ളതല്ല.

8. പ്രത്യേക കാരണം ഒന്നും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനോ, റദ്ദുചെയ്യുന്നതിനോ, ലേലം സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

9. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. ലേലം അംഗീകരിച്ചു വരുന്നമുറയ്ക്ക് നിയമാനുസൃതമായ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. ലേലം കൊണ്ട വ്യക്തി ലേലത്തിൽ നിന്നും പിന്മാറുകയാണെങ്കിൽ ടിയാൻ ലേലസമയത്ത് കെട്ടിവച്ച സെക്യൂരിറ്റി തുക ഡിപ്പാർട്ടുമെന്റിൽ മുതൽകൂട്ടുന്നതാണ്.

10. എല്ലാ ലേല വിൽപ്പനയും ദേവസ്വം ബോർഡിന്റെ അംഗീകാരത്തിനും തീരുമാനത്തിനും വിധേയമായിരിക്കും.കൂടാതെ ടി വ്യവസ്ഥയ്ക്ക് പുറമേ നോർത്ത് പറവൂർ അസിസ്റ്റന്റ് കമ്മീഷണർ ഇതോടനുബന്ധിച്ച് നൽകുന്ന നിർദ്ദേശങ്ങളും ബാധകമായിരിക്കും.

11. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള എല്ലാലേലവ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

12. ലേലദിവസം പൊതുഅവധിദിവസമായി പ്രഖ്യാപിച്ചാൽ ലേലം അടുത്ത പ്രവർത്തിദിവസം അതേസമയം നടത്തുന്നതായിരിക്കും.

Sd/-

തിരുവനന്തപുരം
02/12/2022

എക്സിക്യൂട്ടീവ് എഞ്ചിനീയർ

JS